# INDIAN SCHOOL AL WADI AL KABIR
# MIDTERM EXAMINATION
## Subject: MALAYALAM 3rd LANGUAGE

Class: VIII　　　　　　　　　　　　　　　　　　　　Max. Marks: 80
Date: 13/09/2026　　　　　　　　　　　　　　　　　Time: 2 Hours

**General Instructions:**

- **Please check this question paper contains 4 printed pages and 15 questions.**

---

I. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ലോകപ്രസിദ്ധനായ വിവേകാനന്ദസ്വാമികളുടെ ഗുരുവായിരുന്നു ശ്രീരാമകൃഷ്ണപരമഹംസർ. വളരെ സാധാരണമായ ഒരു ലളിത ജീവിതമായിരുന്നു ഈ ഹൈന്ദവസന്യാസിയുടേത്. ഒരു ദിവസം ശ്രീരാമകൃഷ്ണന്റെ ആശ്രമത്തിൽ ഒരമ്മ മകനെയും കൂട്ടി വന്നു. “അമിതമായി മധുരം കഴിക്കുന്ന ദുശ്ശീലം ഇവനുണ്ട്, അങ്ങ് ഇവനെ ഒന്ന് ഉപദേശിക്കണം”. ആ അമ്മ തന്റെ മകനെ ചൂണ്ടിക്കാട്ടി അദ്ദേഹത്തോട് പറഞ്ഞു. ഇതു കേട്ടപ്പോൾ അദ്ദേഹം ആ കുഞ്ഞിനെ നോക്കി പുഞ്ചിരിച്ചു. "ശരി... നിങ്ങൾ അടുത്തയാഴ്ച വരൂ..." അദ്ദേഹം അവരെ മടക്കിയയച്ചു. ഒരാഴ്ചക്കു ശേഷം ആ കുട്ടി അമ്മയോടൊപ്പം വീണ്ടും ആശ്രമത്തിൽ വന്നു. അദ്ദേഹം കുഞ്ഞിനെ തന്റെ മടിയിലിരുത്തി മധുരം അധികം കഴിക്കരുതെന്നു പറഞ്ഞു. അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചും സ്നേഹപൂർവം അവനു മനസ്സിലാക്കിക്കൊടുത്തു. അമ്മയും മകനും പോയിക്കഴിഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു. "ഗുരോ, ഈ ഉപദേശം ആദ്യം വന്നപ്പോൾത്തന്നെ നൽകാമായിരുന്നില്ലേ?” തന്റെ ശിഷ്യനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ശ്രീരാമകൃഷ്ണൻ പറഞ്ഞു: "ആ സമയത്ത് എനിക്കും ധാരാളം മധുരം കഴിക്കുന്ന ദുശ്ശീലം ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ ഒരാഴ്ച കൊണ്ട് എനിക്ക് ആ ദുശ്ശീലം ഉപേക്ഷിക്കുവാൻ കഴിഞ്ഞു. അതുകൊണ്ടാണ് എനിക്ക് ആ കുട്ടിയെ ഉപദേശിക്കുവാൻ സാധിച്ചത്. നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ മറ്റുള്ളവരോട് ഉപദേശിക്കാവൂ”. ഈ സംഭവം ശിഷ്യന്മാർക്ക് ഒരു പുതിയ പാഠമായിരുന്നു.

**ചോദ്യങ്ങൾ**　　　　　　　　　　　　　　　　　　　　**(5x1 = 5)**

1) ആരായിരുന്നു വിവേകാനന്ദസ്വാമികളുടെ ഗുരു?
2) എങ്ങനെയുള്ള ജീവിതമായിരുന്നു ഹൈന്ദവസന്യാസിയുടേത്?
3) കുട്ടിയ്ക്ക് ഉണ്ടായിരുന്ന ദുശ്ശീലം എന്തായിരുന്നു?
4) അമ്മയും മകനും പോയിക്കഴിഞ്ഞപ്പോൾ ശിഷ്യന്മാർ ഗുരുവിനോട് ചോദിച്ചത് എന്ത്?
5) എങ്ങനെയുള്ള ഉപദേശങ്ങളാണ് നാം നൽകേണ്ടത്?

II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. **(8 x 1= 8)**

1) 'മാൻമാർക്ക് കുട' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
(കഴിഞ്ഞകാലം, കണ്ണീരും കിനാവും, കൊഴിഞ്ഞ ഇലകൾ)

2) കുഞ്ഞുപാത്തുമ്മയെ പാട്ടു പഠിപ്പിച്ചത് ആരാണ്?
(മാന്ത്രികൻ, ആയിഷ, കൂട്ടുകാർ)

3) "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്."
എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത് ?
(ആനയെക്കുറിച്ച്, കുരുവിയെക്കുറിച്ച്, അട്ടയെക്കുറിച്ച്)

4) ഏതു വാചകം വായിച്ചപ്പോഴാണ് വി.ടി യുടെ മനസ്സിൽ ആഹ്ളാദധ്വനി വിനിർഗളിച്ചത്?
(വിജയദശമി, മാൻമാർക്ക് കുട, പണപ്പായസം)

5) 'മാതൃദു:ഖം' എന്ന കവിത എഴുതിയത് ആര്?
(എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻനമ്പ്യാർ)

6) "അയാൾ അവളുടെ കൈ പിടിച്ചു കയറ്റി". ആരാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത്?
(ബാപ്പ, ആനമക്കാര്, നിസാർ അഹമ്മദ്)

7) "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് " എന്ന നോവൽ എഴുതിയതാര്?
(നിസാർ അഹമ്മദ്, വി.ടി. ഭട്ടതിരിപ്പാട്, വൈക്കം മുഹമ്മദ് ബഷീർ)

8) ശ്രീരാമന്റെ വാക്കുകൾ കേട്ട് പാരിൽ മോഹിച്ചു വീണത് ആര്?
(കൗസല്യ, കൈകേയി, സുമിത്ര)

III. അർത്ഥം എടുത്തെഴുതുക. **(8x ½=4)**

1) അന്ധകാരം (പൊരുൾ, ഇരുട്ട്, കാട്)
2) അർണവം (സമുദ്രം, പ്രകാശം, ആതപം)
3) ഭുജിക്കുക (കളിക്കുക, ഭക്ഷിക്കുക, സഞ്ചരിക്കുക)
4) വിനിർഗളിക്കുക (കനിഞ്ഞിറങ്ങുക, പറന്നെത്തുക, പുറത്തേക്കു വരിക)
5) കൊഞ്ചാരം (ശപഥം, കിനാവ്, കിന്നാരം)
6) അരണ്യം (നിണം, കാട്, ആകുലം)
7) നിശീഥിനി (വർഷം, രാത്രി, സ്വപ്നം)
8) കെഞ്ചുക (കോപിക്കുക, കൊളുത്തുക, യാചിക്കുക)

**IV. അർത്ഥവ്യത്യാസം എടുത്തെഴുതുക.** **(2x 1=2)**

1) അർത്ഥം - അർദ്ധം

(പകുതി - പൊരുൾ, പൊരുൾ - പ്രകാശം, പൊരുൾ - പകുതി)

2) കനിവ് - കിനാവ്

(സ്വപ്നം - ദയ, ദയ - സ്വപ്നം, സ്വപ്നം - ശപഥം)

**V. പര്യായപദങ്ങൾ എടുത്തെഴുതുക.** **(5x 1=5)**

1) കണ്ണ് (മലർ, നയനം, മിഴി, അന്തരംഗം)

2) വെള്ളം (സലിലം, മനം, ചിത്തം, ജലം)

3) മകൻ (പുത്രൻ, വല്ലഭൻ, സുതൻ, അർഭകൻ)

4) പൂവ് (സുമം, നിശ, കുസുമം, രജനി)

5) വീട് (ഭവനം, പത്രം, പക്ഷം, ഗൃഹം)

**VI. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക.** **(4x ½=2)**

1) ആഹ്ലാധധ്വനി, ആഹ്ലാദധ്വനി, ആഹ്ലാഥധ്വനി

2) നിഷ്കലങ്കത, നിശ്കളങ്കത, നിഷ്കളങ്കത

3) കൃതജ്ഞത, കൃതജ്ഞത, കൃതജ്ഞ്ത

4) നിശ്ശബ്ദത, നിശ്ശബ്ധത, നിശ്ശബ്ഥത

**VII. വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(4x 1=4)**

1) പ്രതീക്ഷയോടെ/ നയനങ്ങൾ /അവളുടെ / എന്റെ / പറ്റിനിന്നു / മുഖത്തു/ വിടർന്ന

2) ചിന്തിച്ചു/രാത്രി/ആ /ഞാൻ/മുഴുവൻ/ഭാവിയെപ്പറ്റി/ എന്റെ

3) തമ്മിൽ /കുരുവികൾ/ദിവസം/വഴക്കുകൂടുന്നത്/ഒരു/ രണ്ടു / കണ്ടു/ കുഞ്ഞുപാത്തുമ്മ

4) അവൾ / സ്ളേറ്റിൽ / ഒരു / എനിക്ക് / അമ്പത്തൊന്നക്ഷരങ്ങൾ / എഴുതിത്തന്നു

**VIII. ചേർത്തെഴുതുക.** **(6x 1=6)**

1) തീ + പൊരി 2) എഴുതി + തന്നു 3) ജീവൻ + ഉണ്ടോ

4) ഭാവിയെ + പറ്റി 5) പെൺകൊടി + ആണ് 6) തൂക്കി + ഇട്ട

**IX. പിരിച്ചെഴുതുക.** **(6x 1=6)**

1) ഓലക്കുട 2) കിനിഞ്ഞിറങ്ങിയ 3) ആളൊഴിഞ്ഞ

4) പാട്ടാണ് 5) പറന്നെത്തിയ 6) അവസരമില്ല

X. എതിർലിംഗം എഴുതുക. **(4x 1=4)**

1) പെൺകുട്ടി 2) തമ്പുരാൻ

3) അമ്മ 4) മകൻ

XI. വിപരീതപദം എഴുതുക. **(6x 1=6)**

1) ഇത്തിരി 2) ദു:ഖം 3) ഗുണം

4) രക്ഷ 5) പാപം 6) വിജ്ഞാനം

XII. ഏതെങ്കിലും പത്തു മൃഗങ്ങളുടെ പേര് മലയാളത്തിൽ എഴുതുക. **(10x½ =5)**

XIII. ഏതെങ്കിലും പത്തു നക്ഷത്രങ്ങളുടെ പേര് മലയാളത്തിൽ എഴുതുക. **(10x½ =5)**

XIV. മലയാള മാസങ്ങൾ ക്രമത്തിൽ എഴുതുക. **(6)**

XV. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **(6 x2=12)**

1) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത്?
2) വി.ടി. ലജ്ജിതനായത് എന്തുകൊണ്ട്?
3) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട്?
4) "അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല". ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?
5) എന്തുകൊണ്ടാണ് 'ഇപ്പോൾ ഭുജിപ്പാൻ സമയമില്ലെന്ന്' ശ്രീരാമൻ മാതാവിനോട് പറയുന്നത്?
6) വി.ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത്?
7) ദശരഥമഹാരാജാവ് കൈകേയിയ്ക്ക് നൽകിയ വരങ്ങൾ ഏതെല്ലാം?
8) തിയ്യാടിപ്പെൺകുട്ടി വി.ടി യോടു ചോദിച്ച സഹായമെന്ത്?

****